*'CORRUPTION, A CRIME AGAINST NATION'*

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 04.11.2022**

# "കൈക്കൂലി വാങ്ങുന്നതിനിടെ സർക്കാർ ഡോക്ടർ വിജിലൻസ് പിടിയിൽ"

പത്തനംതിട്ട സർക്കാർ ജനറൽ ഹോസ്പിറ്റലിലെ ഡോ: ഷാജിമാത്യുവിനെ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്തു. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ തുമ്പമൺ സ്വദേശിയായ അച്യുതൻ ഇന്നലെ കണ്ണിൻറെ ചികിത്സക്കായി പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിലെ നേത്രവിദഗ്ധനായ ഡോ: ഷാജിമാത്യുവിനെ കാണുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ഇന്നലെ തന്നെ കണ്ണിൻറെ സർജറിക്ക് വിധേയനാക്കുകയുണ്ടായി. തുടർന്ന് രോഗിയായ അച്യുതനെ ഇന്ന് ഡിസ്ചാർജ് ചെയ്യണമെങ്കിൽ 3000/-രൂപ കൈക്കൂലിയായി നൽകണമെന്ന് ഡോക്ടർ ഷാജിമാത്യു അച്യുതൻറെ മകനായ ശ്രീ. അജീഷിനോട് ആവശ്യപ്പെട്ടു. അജീഷ് ഈ വിവരം പത്തനംതിട്ട വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഹരിവിദ്യാധരനെ അറിയിക്കുകയും, തുടർന്ന് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കെണി ഒരുക്കി ഇന്ന് (04.11.2022) രാവിലെ 10.20 മണിയോടെ ജനറൽ ഹോസ്പിറ്റലിലെ ഒ. പി. യിൽ വച്ച് 3000/- രൂപ അജീഷിൽ നിന്നും കൈക്കൂലി വാങ്ങിയ ഡോ: ഷാജിമാത്യുവിനെ വിജിലൻസ് കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ ഇന്ന് തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ പത്തനംതിട്ട യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ. ഹരിവിദ്യാധരനെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. രാജീവ് ജെ. അനിൽകുമാർ, അഷറഫ് എസ്, അസിസ്റ്റന്റ് സബ്ഇൻസ്പെക്ടർമാരായ ഷാജി പി ജോൺ രാജേഷ്കുമാർ, എൻ, ഹരിലാൽ എം, സീനിയർ സിവിൽപോലീസ് ഓഫീസർമാരായ രാജീവ് , രാജേഷ്, സിവിൽപോലീസ് ഓഫീസർമാരായ അനീഷ്മോഹൻ, കിരൺ, വിനീഷ്, ജിനു, അജീർ, എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.